"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 23-07-2021

നം:TC2-5340/2021/PrHQ

## നോട്ടീസ്

വിഷയം :- ജയിൽ ആസ്ഥാനകാര്യാലയം, തിരുവനന്തപുരം - ഇ-പ്രിസൺ വിസിറ്റർ മാനേജ്മന്റ് സിസ്റ്റം 2.0 കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നത് - വിവരങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1) 06.05.2020 തീയതിയിലെ സർക്കുലർ-38

ഇ-പ്രിസണിലെ വിസിറ്റർ മാനേജ്മന്റ് സിസ്റ്റത്തിന്റെ ട്രെയിനിങ് ടെക്നിക്കൽ സെല്ലിൽ നിന്നും 12-06-2021 ന് എല്ലാ ജയിലിലെയും ഇ പ്രിസൺ ഇൻചാർജ് ഉദ്യോഗസ്ഥർക്കു നല്കിയിട്ടുണ്ട്. ഇതിൻ പ്രകാരം വിയ്യൂർ സെൻട്രൽ പ്രിസണിൽ ടി സംവിധാനത്തിലൂടെ ഇ-സ്ലിപ്പ് പ്രിന്റ് ചെയ്താണ് ഇപ്പോൾ ഇന്റർവ്യൂ കാണിക്കുന്നത്. ആയതിനാൽ എല്ലാ എല്ലാ ജയിൽ സൂപ്രണ്ടുമാരും ഇത്തരത്തിൽ ഇ-സ്ലിപ്പ് പ്രിന്റ് ചെയ്ത് ഇന്റർവ്യൂ കാണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിസിറ്റർ മാനേജ്മന്റ് സിസ്റ്റത്തിൽ സന്ദർശകരുടെ അഡ്രസ്, ഫോട്ടോ, തിരിച്ചറിയൽ രേഖ വിവരങ്ങൾ ഉൾപ്പടെയുള്ളവ ഡിജിറ്റൽ ആയി രേഖപ്പെടുത്തി സൂക്ഷിക്കുന്നു. കൂടാതെ സന്ദർശകർക്ക് തിരിച്ചറിയൽ രേഖയുടെ കോപ്പി കൊണ്ടുവരുന്നത് ഒഴിവാക്കാൻ സാധിക്കും. തിരിച്ചറിയൽ രേഖയുടെ ഒറിജിനലുമായി ജയിലിൽ വന്നാൽ ഡിജിറ്റൽ ആയി ഇവ രേഖപ്പെടുത്തി അന്തേവാസികളെ സന്ദർശിക്കുവാൻ കഴിയും. കേരള ജയിൽ വകുപ്പിന്റെ ആവശ്യപ്രകാരം വിസിറ്റർ മാനേജ്മന്റ് സിസ്റ്റത്തിൻറെ പുതിയ വേർഷനായ VMS 2.0 ഇ പ്രിസണിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. നേരിട്ടുള്ള ഇന്റർവ്യൂവിന് ടി സംവിധാനം എല്ലാ ജയിലുകളിലും കാര്യക്ഷമമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ഇ-പ്രിസൺ, iaps, വിഡീയോ കോൺഫറൻസ് തുടങ്ങിയ ആവശ്യങ്ങൾക്കായി ജയിലുകളിൽ വിളിക്കുമ്പോൾ ഇൻചാർജ് ഓഫീസർ, സൂപ്പർവൈസറി ഓഫീസർ എന്നിവർ ട്രാൻസ്ഫർ ആയി പോയി, പ്രൊമോഷൻ ലഭിച്ച് മാറിപ്പോയി എന്നുള്ള മറുപടിയാണ് ലഭ്യമാകുന്നത്. ആയതിനാൽ താങ്കളുടെ ജയിലിൽ ഇപ്രിസൺ, iaps, വിഡീയോ കോൺഫറൻസ് എന്നിവയുടെ ഇൻചാർജ് ഓഫീസർ, സൂപ്പർവൈസറി ഓഫീസർ എന്നിവരുടെ പേരുവിവരങ്ങൾ 24.07.2021 ന് വൈകുന്നേരം 4 മണിയക്ക് മുമ്പായി അറിയിക്കേണ്ടതാണ്. ചാർജ്ജുള്ള ഉദ്യോഗസ്ഥർ മാറിപ്പോകുമ്പോൾ പുതിയ ഉദ്യോഗസ്ഥർക്ക് ചാർജ്ജ് കൈമാറുന്നതിനുള്ള നിർദ്ദേശം നൽകുവാൻ സൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിവരം ടെക്നിക്കൽ സെല്ലിലേയ്ക്ക് ഇ-മെയിൽ മുഖാന്തിരവും അറിയിക്കേണ്ടതാണ്.

06.05.2020 തീയതിയിലെ സർക്കുലർ-38 പ്രകാരം ഇ-പ്രിസണിൽ തടവുകാരെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സമയബന്ധിതമായി രേഖപ്പെടുത്തലുകൾ

വരുത്തണമെന്ന് കർശന നിർദ്ദേശം നൽകിയതിനെ തുടർന്ന് എല്ലാ ജയിലുകളിലും രേഖപ്പെടുത്തലുകൾ നടത്തിവന്നിരുന്നു. എന്നാൽ തിരുവനന്തപുരം വനിതാ ജയിൽ , വിയ്യൂർ ജില്ലാ ജയിൽ, നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിൽ തുടങ്ങിയ ചില ജയിലുകളിൽ അഡ്മിഷൻ സമയത്തെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തുന്നതായും കേസ് വിവരങ്ങൾ, റിലീസ് ഉൾപ്പെടെയുള്ള മറ്റു വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല എന്നും കാണാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ഇ-പ്രിസൺ ചാർജ്ജുള്ള ഉദ്യോഗസ്ഥരും സൂപ്പർവൈസറി ഉദ്യോഗസ്ഥരും ഇ-പ്രിസണിൽ രേഖപ്പെടുത്തലുകൾ യഥാസമയം നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സൂപ്രണ്ടുമാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും തടവുകാരുടെ വേരിഫിക്കേഷൻ ഇ-പ്രിസൺ ഉപയോഗിച്ച് നടത്തി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇനിയും ഇത്തരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടി വരും എന്ന വിവരംകൂടി ഇതിനാൽ ഓർമ്മപ്പെടുത്തുന്നു.

ഋഷി രാജ് സിംഗ് IPS

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

എല്ലാ ജയിൽ സ്ഥാപനങ്ങൾക്കും